LIBRARY ARCHIVES Kerala Legislative Assembly

എമർജൻസി ആംബുലൻസ് സർവ്വീസ്

80 (2355) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എമർജൻസി ആംബുലൻസ് സർവ്വീസ് എല്ലാ ജില്ലകളിലും ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത പ്രഖ്യാപനം ഈ സർക്കാരിന്റെ ഏതെങ്കിലും ബഡ്ജറ്റിൽ ആവർത്തിച്ചിരുന്നോ; എങ്കിൽ അതിനായി എത്ര തുക നീക്കിവച്ചിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിലെത്തിയപ്പോൾ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് 25 ആംബുലൻസുകളുമായി പ്രസ്തുത സംവിധാനം സേവനം നൽകിയിരുന്നത്. 21-4-2012-ൽ 18 ആംബുലൻസുകളുമായി പ്രസ്തുത സേവനം ആലപ്പുഴ ജില്ലയിലേക്ക് വ്യാപിപ്പിക്കുകയുണ്ടായി.

2012-13 ബഡ്ജറ്റിൽ 108 ആംബുലൻസ് സംവിധാനം കേരളത്തിലാകെ വ്യാപിപ്പിക്കുവാനായി 40 കോടി രൂപ വകയിരുത്തിയിരുന്നു. അതിൻപ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിലേക്കും ഈ സർവ്വീസ് വ്യാപിപ്പിക്കുവാനായി നടപടി സ്വീകരിച്ചുവരുന്നു.

ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ വികസനം

81 (2356) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011 കാലയളവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ പശ്ചാത്തല വികസനത്തിനും പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും എത്ര തുക വീതം ചെലവഴിച്ചു;

(ബി) 2011-2016 കാലയളവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ പശ്ചാത്തല വികസനത്തിനും പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി എത്ര തുക വീതം ചെലവഴിച്ചു?